(സി) സ്ഥാപനങ്ങളിലേയ്ക്ക് കൊണ്ടുവരുന്ന കുട്ടികൾക്ക് മതിയായ രേഖകളില്ലാത്തപക്ഷം ചൈൽഡ് ലൈനും പോലീസും ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും ചൈൽഡ് വെൽഫയർ കമ്മിറ്റി തീർപ്പ് കൽപ്പിക്കുന്ന പ്രകാരം നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

വനിതാ ഹോസ്റ്റലുകളുടെ പ്രവർത്തനം

167 (2800) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എത്ര വനിതാ ഹോസ്റ്റലുകളുണ്ട് ; ഏതെല്ലാം ; പ്രസ്തുത ഹോസ്റ്റലുകൾക്ക് 2011-12 സാമ്പത്തിക വർഷം മുതൽ 2015 മാർച്ച് വരെയുള്ള കാലയളവിൽ ഗ്രാന്റ് നൽകിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; ഗ്രാന്റ് തുക എത്രയാണ് ;

(ബി) ഈ കാലയളവിൽ ഗ്രാന്റ് ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക എത്ര ; ചെലവഴിച്ചത് എത്ര ;

(സി) സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വനിതാ ഹോസ്റ്റലുകളിൽ പരിശോധന നടത്തിയിട്ടുണ്ടോ ; അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വനിതാ ഷോർട്ട് സ്റ്റേകൾ, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ എന്നിവയ്ക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ ;

(ഡി) വനിതാ ഹോസ്റ്റലുകളിലെ പ്രശ്നങ്ങളെക്കുറിച്ച് വന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഇതേക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ

168 (2801) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ വിഹിതം കുറച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര സർക്കാർ വിഹിതം കുറച്ചതിന്റെ തുടർച്ചയായി ഏതെങ്കിലും ക്ഷേമ പദ്ധതിക്ക് സംസ്ഥാന സർക്കാർ കുറവ് നികത്തി കൊടുത്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) കേന്ദ്രസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ ഏതൊക്കെയാണ് ; പദ്ധതികളും കേന്ദ്ര വിഹിതവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ പദ്ധതികൾക്ക് കേന്ദ്രസർക്കാർ വിഹിതം കുറച്ച് സംബന്ധമായ അറിയിപ്പുകളൊന്നും കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) കേന്ദ്ര സഹായത്തോടെ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ ചുവടെ ചേർക്കുന്നു :

1. സാമൂഹ്യനീതി വകുപ്പ്

നമ്പർ	പദ്ധതി	കേന്ദ്ര സംസ്ഥാന വിഹിതം (ശതമാന നിരക്കിൽ)
1	ICDS General	90.10
2	ICDS Training	90.10
3	SABALA (a) Nutrition (b) Non Nutrition	 50.50 100
4	SNP	50.50
5	IGMSY	100
6	KSY	100

2. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്: കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിന്റെ ധനസഹായത്തോടെ കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡുവഴി നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. രാജീവ് ഗാന്ധി ദേശീയ ക്രഷ് സ്കീം: മാറിവന്ന സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയിൽ ജോലിക്കു പോകുന്നതും അല്ലാത്തതുമായ അമ്മമാർക്ക് തങ്ങളുടെ കുഞ്ഞുങ്ങളെ സുരക്ഷിതവും ആരോഗ്യപരവുമായ ചുറ്റുപാടിൽ പകൽ സമയം സംരക്ഷിക്കുന്നതിനായിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 2014-15 വർഷത്തിൽ 511 ക്രഷുകൾക്ക് 2,16,58,224 രൂപയാണ് കേന്ദ്ര വിഹിതം.

LIBRARY ARCHIVES Kerala Legislative Assembly

2. ഫാമിലി കൗൺസിലിംഗ് സെന്ററുകൾ: മാറിവന്ന സാമൂഹിക-സാമ്പത്തിക പരിസ്ഥിതികളിൽ കുടുംബപ്രശ്നങ്ങളുടെ തോത് ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ഇതിനൊരു പരിധിവരെ പരിഹാരം കാണുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണിത്. 2014-15 വർഷത്തിൽ 41 സെന്ററുകൾക്ക് 79,38,000 രൂപയാണ് കേന്ദ്ര വിഹിതം.

3. കേരള സംസ്ഥാന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) :

ശ്രവണ വൈകല്യമുള്ളവർക്ക് ശ്രവണസഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ എ.ഡി.ഐ.പി. സ്കീം പ്രകാരം ശ്രവണ സഹായി വിതരണം ചെയ്യുന്നതിന് 2014-15-ൽ 50 ലക്ഷം രൂപ നിഷിന് ലഭിച്ചിട്ടുണ്ട്.

4. കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷൻ

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ശ്രുതിതരംഗം പദ്ധതിക്ക് 2013-14 സാമ്പത്തിക വർഷം 5 കോടി രൂപയും 2014-15 വർഷത്തിൽ സ്നേഹപൂർവ്വം പദ്ധതിക്ക് 2 കോടി രൂപയും സ്റ്റേറ്റ് വൈഡ് ഡിസബിലിറ്റി സെൻസസ്സിന് 3.11 കോടിരൂപയും ഒറ്റത്തവണ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.

5. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതിയായ സഹായോപകരണ വിതരണ പദ്ധതി (ADIP), നടപ്പിലാക്കുന്നതിന് 2014-15 സാമ്പത്തിക വർഷം 90 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

6. കേരള സംസ്ഥാന ശിശുക്ഷേമ സമിതി

കേന്ദ്ര സഹായത്തോടെ (Indian Council for Child Welfare) രാജീവ് ഗാന്ധി നാഷണൽ ക്രഷ് സ്കീം മുഖേന കേരള സംസ്ഥാന ശിശുക്ഷേമ സമിതി നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമ പദ്ധതിയാണ് ശിശു പരിപാലന കേന്ദ്രം (Crech). കേരളത്തിലെ 14 ജില്ലകളിലായി 260 ക്രഷുകൾ പ്രവർത്തിക്കുന്നു. ഒരു ക്രഷിൽ ഒരു ബാലസേവികയും ഒരു ആയയുമാണ് ജോലി ചെയ്യുന്നത്. ഒരു ബാലസേവികയ്ക്ക് പ്രതിമാസം 1,200 രൂപയും ഒരു ആയയ്ക്ക് 800 രൂപയും ഒരു കുട്ടിക്ക് പൂരകഭക്ഷണത്തിനായി പ്രതിദിനം 2.08 പൈസയും മാത്രമാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. ഇതു കൂടാതെ ദത്തെടുക്കൽ കേന്ദ്രത്തിൽ കേന്ദ്ര സഹായമായി ശിശുഗൃഹ പ്രോജക്ട് പ്രകാരം ശരാശരി 12 ലക്ഷം രൂപ ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly